(എ) പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലുംപ്പെട്ട വ്യവസായ സംരംഭകർക്ക് വ്യവസായം തുടങ്ങുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്;

(ബി) ഈ ഗവൺമെന്റ് പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര വ്യവസായസംരംഭകർക്ക് സാമ്പത്തികവും, മറ്റുവിധത്തിലുമുള്ള ആനുകൂല്യങ്ങൾ നൽകിയെന്ന് അറിയിക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) പട്ടികജാതിക്കാർക്ക് പലിശരഹിത വായ്പ, കുടിൽ വ്യവസായ ശൃംഖല എന്നീ പദ്ധതികളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതർക്ക് ചെറുകിട വ്യവസായമോ, തൊഴിലോ ചെയ്യുന്നതിന് 10,000/- രൂപാവരെ പലിശരഹിത വായ്പയും നൽകുന്നു. ഇതുകൂടാതെ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നേരിട്ടും, ബാങ്ക്, ദേശീയ പട്ടികജാതി പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷൻ എന്നിവ മുഖേനയും പലവിധ പദ്ധതികൾ ഈ വിഭാഗങ്ങൾക്കുവേണ്ടി നടപ്പിലാക്കുന്നുണ്ട്. കുടിൽ വ്യവസായ ശൃംഖല പദ്ധതിപ്രകാരം 2.50 ലക്ഷം രൂപവരെയുള്ള വ്യവസായ സംരംഭകർക്ക് 50,000/- രൂപ വരെ സബ്സിഡി നൽകുന്നുണ്ട്.

(ബി) പട്ടികജാതി പട്ടിവർഗ്ഗ വികസന വകുപ്പുകൾ നിലവിലുള്ള പദ്ധതികൾ പ്രകാരം 80 പട്ടിക വർഗ്ഗക്കാർക്കും, 100 പട്ടികജാതിക്കാർക്കും പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ 128 പേർക്കും ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

### 30 (*206) വൈദ്യുതി ചാർജ് വർദ്ധനവുമൂലം വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതിചാർജ്ജ് വർദ്ധനവുമൂലം വിവിധ മേഖലയിലെ വ്യവസായങ്ങൾ കടുത്ത പ്രതിസന്ധിയെ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ മേഖലയിൽ നിന്നും ഇതുമൂലമുണ്ടായിട്ടുള്ള പ്രതിസന്ധികളെപ്പറ്റി പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ;

(സി) സർക്കാരിന് ലഭിച്ചിട്ടുള്ള പരാതികൾ എന്തൊക്കെയാണെന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) വൈദ്യുതിചാർജ്ജ് വർദ്ധന പുനഃപരിശോധിക്കുന്നതുൾപ്പെടെയുള്ള ആശ്വാസ നടപടികൾക്ക് സന്നദ്ധമാകുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ&ബി) വൈദ്യുതിചാർജ്ജ് വർദ്ധനവുകൊണ്ടുമാത്രം കേരളത്തിൽ ഏതെങ്കിലും വ്യവസായം പ്രതിസന്ധി നേരിടുന്നതായി സർക്കാർ കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇ.എച്ച്.ടി. വിഭാഗത്തിൽനിന്ന് 25-ഉം, ഹൈടെൻഷൻ/ലോടെൻഷൻ വിഭാഗത്തിൽനിന്ന് 142-ഉം പരാതികൾ ലഭിച്ചിട്ടുണ്ട്. വൈദ്യുതി ചാർജ്ജ് വർദ്ധനമൂലം വ്യവസായങ്ങൾക്കുണ്ടാകുന്ന അധിക ചെലവിനെപ്പറ്റിയുള്ളവയാണ് ഈ പരാതികൾ.

(ഡി) വരുത്തിയ വർദ്ധനയിൽ എച്ച്.ടി./ഇ.എച്ച്.ടി വ്യവസായങ്ങൾക്ക് അഞ്ചു ശതമാനം ഇളവ് നൽകിയിട്ടുണ്ട്. 92-97 കാലഘട്ടത്തെ പവർകട്ട് സമയത്ത് പ്രീ-92 നിരക്ക് അനുഭവിക്കുവാൻ സാധിക്കാതിരുന്ന വ്യവസായങ്ങൾക്ക് 50%-ൽ കൂടുതൽ പവർകട്ട് വന്നിട്ടുള്ള സമയം കണക്കാക്കി അത്രയുംകാലം പ്രീ-92 നിരക്ക് ബാധകമാക്കുവാൻ തീരുമാനമായിട്ടുണ്ട്. ഇതിനു പുറമേ ടി.ഒ.9 മീറ്റർ ഉപയോഗിക്കുന്ന വ്യവസായങ്ങൾക്ക് പ്രോ റാറ്റാ നിരക്ക് ഏർപ്പെടുത്തിയത് താരിഫ് വർദ്ധന ചെലവ് കുറയുവാൻ സഹായകമായിട്ടുണ്ട്. എച്ച്.ടി.ആക്കുവാനുള്ള ലോക്ക് പരിധി 100 കെ.വി.എ.-യിൽ നിന്നും 150 കെ.വി.എ. ആക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ ഇളവുകൾ നൽകുന്ന കാര്യം ഇനി പരിഗണിക്കുവാൻ പ്രയാസമാണ്.

## (2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### 1 (910) ആദിവാസി മേഖലയിലെ പട്ടിണിമരണം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :
ശ്രീ. വി.സി. കബീർ :
ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി-ഷോളിയൂർ പഞ്ചായത്തിൽ പട്ടിണിമൂലം ആദിവാസികൾ മരിച്ചതായി സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്രപേർ;

(സി) ഇവർ മരണപ്പെട്ടത് തുടർച്ചയായ പട്ടിണിമൂലമോ അതോ ദീർഘകാലമായി ആവശ്യംവേണ്ട ഭക്ഷണത്തിന്റെ ലഭ്യതക്കുറവ് മൂലമുള്ള രോഗങ്ങൾ മൂലമാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) ആദിവാസി മേഖലകളിൽ പട്ടിണി മരണവും പട്ടിണിജന്യ രോഗങ്ങളും ആവർത്തിക്കാതിരിക്കാനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ചില ആദിവാസികൾ പട്ടിണിമൂലം മരിച്ചതായി വിവരം കിട്ടിയതനുസരിച്ച് കൂടുതൽ അന്വേഷണം നടത്തിയപ്പോൾ അവർ മരിച്ചത് പലവിധ രോഗങ്ങൾമൂലവും പ്രായാധിക്യം കാരണവും ആണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly